# BA/B.SC. (Model I) Degree (CBCS) Examination

# Additional Language – Malayalam

# First Semester

# കഥാസാഹിത്യം

1. നന്നായി നനഞ്ഞെങ്കിലും ദ്രവിച്ചു തുടങ്ങിയെങ്കിലും മുഖം നന്നായി വ്യക്തമാണ് - ആരുടെ?

   a. ക്രിസ്തുവിന്റെ b. ശ്രീനാരായണ ഗുരുവിന്റെ c. കുമാരനാശാന്റെ d.എസ്.ഹരീഷിന്റെ

2. ബെന്യാമിന്റെ യഥാർത്ഥ പേരെന്ത്?

   a. ബെന്നി ഡാനിയേൽ b. ബിനു ഡാനിയേൽ c. ഡാനിയേൽ ബെന്നി d. ബെനു ആമിൻ

3. വി.കെ.എൻ.ന്റെ മുഴുവൻ പേരെന്ത്?

   a. വടക്കേ കൊട്ടാരത്തിൽ നാരായണൻ b. വടക്കെകൂട്ടാലെ നാരായണൻകുട്ടി നായർ c. വലിയ കൊട്ടാരത്തിൽ നാരായണൻകുട്ടി നായർ d. വലിയ കൂട്ടാലെ നാരായണൻ കുട്ടി നായർ

4. രണ്ടാമൂഴം എന്ന നോവൽ രചിച്ചതാര്?

   a. തകഴി b. ചങ്ങമ്പുഴ c. എം.ടി.വാസുദേവൻനായർ d. ബഷീർ

5. ഫാന്റം കോമിക്സിന്റെ സ്രഷ്ടാവ് ആര്?

   a. മിസ്സിസ് ഡിസൂസ b. മിർച്ചന്ദാനി c. ചിത്രകാരനായ അഭയങ്കർ d. ലീഫാൽക്ക്

6. 'പ്രകാശം പരത്തുന്ന പെൺ കുട്ടി' ആരുടെ കഥാസമാഹാരമാണ്?

   a. ടി.പദ്മനാഭന്റെ b. മാധാവിക്കുട്ടിയുടെ c. സാറാജോസഫിന്റെ d. കെ.ആർ.മീരയുടെ

7. 'ബാല്യകാല സഖി' ആരുടെ നോവലാണ്?

   a.ബഷീറിന്റെ b. തകഴിയുടെ c. എം.ടി.യുടെ d. സക്കറിയയുടെ

8. ആടു ജീവിതത്തിലെ പ്രധാന കഥാപാത്രം?

   a. ഹക്കീം b. ബെന്യാമിൻ c. നജീബ് d. ഇബ്രാഹിം ഖാദരി

9. മലയാളത്തിലെ ക്രോമിക് ജീനിയസ് എന്നറിയപ്പെടുന്നതാര്?

   a.ബഷീർ b. വി.കെ.എൻ c. എൻ.എസ്.മാധവൻ d. ടി.പദ്മനാഭൻ

10. 'ഞാൻ എന്റെ സർവ്വശക്തിയുമെടുത്ത് അവന്റെ പിടലിക്ക് അടിച്ചു. അപ്രതീക്ഷിതമായ ആ അടിയിൽ അവൻ വേച്ചുപോയി' - വേച്ചത് ആര്?

    a. നജീബ് b. ഹക്കിം c. ഇബ്രാഹിം ഖാദരി d. ഇവരാരുമല്ല.

11. മുഖ പ്രസംഗം എഴുതാൻ ആരെ ഏൽപ്പിക്കാനാണ് ചുല്യാറ്റ് പറയുന്നത്?

    a. സുഹ്റയെ b. വിശ്വനാഥനെ c. അഭിജിത്ത് സത്യാലിനെ d. വിജയനെ

12. അമ്മാവന്റെ വീട്ടിൽ പത്തു വർഷമായി നോട്ടാക്കാരനായി താമസിക്കുന്ന താര്?

a. ഉറൂസ് b. ഉണ്ണി.ആർ c. കഥാകൃത്ത് d. ഉറൂബിന്റെ സുഹൃത്ത്

13. രവിശങ്കർ ദത്തെടുത്തത് ആരെ?

a. സീതാലക്ഷ്മിയെ b. ജാനുവിനെ c. സുരേഷിനെ d. ജാഹ്നവിയെ

14. ആദ്യമായി നജീബ് കേൾക്കുന്ന അറബി വാക്ക് എന്ത്?

a. ഖുബൂസ് b. മായിൻ c. അർബാബ് d. മാസറ

15. തരിശുനിലം എന്ന കഥയുടെ കർത്താവാര്?

a. ഇന്ദുമേനോൻ b. സാറാജോസഫ് c. കെ.ആർ.മീര d. മാധവിക്കുട്ടി

16. ആട്ടിൻകൂട് എന്നർത്ഥം വരുന്ന അറബി വാക്ക് ഏത്?

a. അർബാബ് b. മസറ c. ഖുബൂസ് d. മായിൻ

17. സക്കറിയയുടെ ‘ആർക്കറിയാം’ എന്ന കഥയ്ക്കവലംബം ആരുടെ സുവിശേഷമാണ്?

a. ലൂക്ക b. യോഹന്നാൻ c. മത്തായി d. പത്രോസ്

18. ‘മോഹമഞ്ഞ’യിലെ നായകൻ മരിച്ചത് ഏത് രോഗം പിടിപെട്ടാണ്?

a. കരൾ വീക്കം b. മഞ്ഞപ്പിത്തം c. ക്യാൻസർ d. വൈറൽ പനി

19. ഗോപാൽ യാദവ് ഏത് സംസ്ഥാനത്തു നിന്നാണ് കേരളത്തിൽ എത്തിയത്?

a. തമിഴ് നാട് b. ബീഹാർ c. മധ്യപ്രദേശ് d. ഉത്തർപ്രദേശ്

20. ദുബായ് വരെ ഉരു ഓടിച്ചു പോയത് ആരാണ്?

a. കലന്തൻ ഹാജി b. രാമചന്ദ്രൻ പെരുമ്പള c. അസൈനാർച്ച

d. ഗോപാൽ യാദവ്

21. ഒരു തത്വജ്ഞാനിയുടെ മട്ടിൽ ഉറൂബിന്റെ വാക്കുകൾ കേട്ടു നിന്നതാര്?

a. പ്രാണികൾ b. എലികൾ c. പശു d. ആട്ടിൻ കുട്ടി

22. തുറന്നിട്ട ചില്ലു ജാലകത്തിനരികെ ഏത് പൂവാണ് കൊഴിഞ്ഞു വീഴുന്നത്

a. നാഗപ്പൂക്കൾ b. ചെമ്പകപ്പൂക്കൾ c. തെച്ചിപ്പൂക്കൾ d. നാഗചെമ്പകപ്പൂക്കൾ

23. ‘മോദസ്ഥിരനായങ്ങു വസിപ്പു മലപോലെ’ ഈ വരികൾ ആരുടേത്?

a. കഥാകാരന്റെ b.കുമാരനാശാന്റെ c. ശ്രീനാരായണ ഗുരുവിന്റെ d. ചന്ദ്രമോഹന്റെ

24. മോഹമഞ്ഞയിലെ നായിക എവിടെയാണ് ജോലി ചെയ്തിരുന്നത്?

a. ആശുപത്രിയിൽ b. ബാങ്കിൽ c. സ്കൂളിൽ d. എൽ.ഐ.സി.യിൽ

25. ‘തിരുത്ത്’ ആരുടെ കഥയാണ്?

a. മാധവികുട്ടി b. സക്കറിയ c. എൻ.എസ്.മാധവൻ d. വി.കെ.എൻ.

26. ഏതു ടീമിനായിരുന്നു മാനാഞ്ചിറ ടെസ്റ്റിൽ ആദ്യ ബാറ്റിംഗ്?

a. കോഴിക്കോട് b. പോർച്ചുഗൽ c. കൊച്ചി d. കാസറഗോഡ്

27. പന്ത്രണ്ട് മണിക്കൂറിനിടയ്ക്ക് പെയ്തത് നൂറ്റാണ്ടിലുണ്ടായ ഏറ്റവും കനത്ത മഴയായിരുന്നു വെന്ന് അഭിപ്രായപ്പെട്ടത് ആര്?

a. മിസ്സിസ്സ് ഡിസൂസ b. മിർച്ചന്ദാനി c. ശിവശങ്കരൻ d. അഭയങ്കർ

28. എല്ലാം ഉറഞ്ഞുപോയ ജീവിതം ആരുടെ മുഖത്താണ് നജീബ് കണ്ടത്?

a. അർബാബിന്റെ b. ഹമീദിന്റെ c. ഭീകരരൂപിയുടെ d. കുഞ്ഞിക്കയുടെ

29. ബെന്യാമിന് കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം നേടിക്കൊടുത്ത കൃതി ഏത്?

a. ആടുജീവിതം b. ഒറ്റമരത്തണൽ c. പെൺമാറാട്ടം

d. ഗെസാന്റെ കല്ലുകൾ

30. പാപത്തറ ആരുടെ കൃതിയാണ്?

a. മാധവികുട്ടി b. സിതാര എസ് c. സാറാ ജോസഫ് d. കെ.ആർ.മീര

31. എൻ.എസ്.മാധവൻ എഴുതിയ നോവൽ ഏത്?

a. ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ b. ചൂളൈമേട്ടിലെ ശവങ്ങൾ c. ഹിഗ്വിറ്റ

d. ശിശു

32. നജീബിന് എല്ലാ സഹായവും ചെയ്തു കൊടുത്ത നല്ലവനായ മലയാളി ആര്?

a. ഹമീദ് b. കുഞ്ഞിക്ക c. ഇബ്രാഹിം ഖാദരി d. ഹക്കിം

33. മരിച്ചു കഴിഞ്ഞാൽ പ്രശസ്തനായി ഒന്നു പകവീട്ടാമെന്ന് കരുതി ഇലക്ട്രിക്ക് ട്രെയിനിനു മുന്നിൽ ചാടിയതാര്?

a. ചിത്രകാരനായ അഭയങ്കർ b. മിസ്സിസ് ഡിസൂസ c. മിർച്ചന്ദാനി d. അപ്പു

34. ആരുടെ നഷ്ടമാണ്' ''ഉന്മേഷത്തിന്റെ നഷ്ടം'' എന്ന് നജീബ് വിശേഷിപ്പിക്കുന്നത്?

a.നബീലിന്റെ b. ഹമീദിന്റെ c. ഹക്കീമിന്റെ d. കുഞ്ഞിക്കയുടെ

35. മന്ദസ്മിത പ്രസ്ഥാനമെന്ന് കാരൂർ കഥകളെ വിശേഷിപ്പിച്ചതാര്?

a. എം.മുകുന്ദൻ b. സക്കറിയ c. സി.ജെ.തോമസ് d. സുകുമാർ അഴീക്കോട്

36. ഏതിറച്ചിയുടെ കാര്യം കേൾക്കുമ്പോഴാണ്നജീബിന്റെ കണ്ണു നിറയുന്നത്?

a. പോത്തിറച്ചി b. മാനിറച്ചി c. ആട്ടിറച്ചി d. കോഴിയിറച്ചി

37. വീട് വിട്ട് എവിടെപ്പോകാനാണ് എഴുത്തുകാരി ആഗ്രഹിക്കുന്നത്?

a. സ്വന്തം വീട്ടിൽ b. സുഹൃത്തിന്റെ വീട്ടിൽ c. ഹോസ്റ്റലിൽ

d. മേ ബിൾ അമ്മായിയുടെ വീട്ടിൽ

38. വിദേശത്ത് വച്ച് മലയാളത്തിൽ എഴുതിയ ഏത് ബോർഡാണ് നജീബ് കണ്ടത്?

a. കേരള റെസ്റ്റോറന്റ് b. മലബാർ റെസ്റ്റോറന്റ് c. ഇന്ത്യൻ റസ്റ്റോറന്റ്

d. കോഴിക്കോടൻ റസ്റ്റോറന്റ്

39. മുൻവശത്തിരിക്കുന്ന വലിയ ഫോട്ടോ ആരുടേതാണ്?

a. ശ്രീ നാരായണ ഗുരുവിന്റെ b. മുത്തച്ഛന്റെ c. അച്ഛന്റെ

d. ചന്ദ്രമോഹന്റെ

40. എവിടെ നിന്നാണ് ഹക്കീമും നജീബും ജയന്തി ജനതയിൽ കയറി യാത്ര പുറപ്പെട്ടത്?

a. കൊല്ലം b. കായംകുളം c. കൊച്ചി d. കോഴിക്കോട്

41. പട്ടാളക്കാർക്ക് ആരോടാണ് യു ദ്ധം? ആരുടെ ചോദ്യമാണിത്?

a. വേശ്യാലയമുടമസ്ഥയുടെ b. സക്കറിയയുടെ c. പട്ടാളക്കാരന്റെ d. രക്ഷകന്റെ

42. സ്വാതന്ത്ര്യം തേടുന്ന സ്ത്രീത്വത്തിന്റെ ശക്തി സൗന്ദര്യങ്ങളെ കാലത്തിന്റെ അനുഭവങ്ങളോട് ചേർത്തു വായിക്കുന്ന സാറാജോസഫിന്റെ കൃതി?

a. പാപത്തറ b. മനസ്സിലെ തീ മാത്രം c. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും

d. നിലാവ് അറിയുന്നു

43. ഹിഗ്വിറ്റ ഏതു രാജ്യത്തെ ഗോളിയായിരുന്നു?

a. ശ്രീലങ്ക b. കൊളംബിയ c. ജർമ്മനി d. ഇന്ത്യ

44. ''നന്ദി. ഞങ്ങൾക്ക് അഭയം തന്നതിന് നന്ദി. എന്റെ കുഞ്ഞിന്റെ നന്ദി. നിങ്ങൾക്ക് ഒരു പ്ര പ്രത്യുപകാരവും ചെയ്യാൻ ഞങ്ങൾക്ക് കഴിയുകയില്ലല്ലോ? ആരുടെ വാക്കുകൾ?

a. പട്ടാളക്കരൻ b. വേശ്യാലയമുടസ്ഥ c. കഴുതപ്പുറത്തെ സ്ത്രീ d. ഇവരാരുമല്ല.

45. ആമയ്ക്ക് ഭാഷയോടുള്ള ഈ കൂർ ഓക്സ്ഫോർഡിൽ നിന്നും കിട്ടിയതായിരുന്നു ഇതാരുടെ വാക്കുകളാണ്?

a. നകുൽ കേൽക്കറിന്റെ b. വിശ്വനാഥന്റെ c. സുഹ്റയുടെ d. ഫാറയുടെ

46. 'ഇത്ര ആയിരം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ ഒരു രക്ഷകൻ വരുന്നത്?' ആരുടെ ചോദ്യമാണിത്?

a. പട്ടാളക്കാരന്റെ b. വേശ്യാലയമുടമസ്ഥയുടെ c. സക്കറിയയുടെ

d. കുഞ്ഞിന്റെ

47. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭിജാതബന്ധത്തെ ദൃഢപ്പെടുത്തുന്ന ബഷീറിന്റെ കൃതിയാണ്?

a. ഭൂമിയുടെ അവകാശികൾ b. അനർഘ നിമിഷം c. ബാല്യകാല സഖി

d. ജന്മദിനം

48. മാനഞ്ചിറ ടെസ്റ്റ് എന്ന കൃതിയുടെ കർത്താവ് ആര്?

a. കാരൂർ b. സക്കറിയ c. വി.കെ.എൻ. d. ടി.പത്മനാഭൻ

49. ഇതര സംസ്ഥാന തൊഴിലാളികളുടെ വിശപ്പും കേരളീയ ജീവിതത്തിന്റെ സമ്പന്നതയും സമാന്തരമായി ലയിച്ചു ചേരുന്ന കഥയാണ്

a. ബിരിയാണി b. അഗ്നി c. കൊമാല d. മോഹമഞ്ഞ

50. കൊമാല ആരുടെ കൃതിയാണ്?

a. ഉണ്ണി.ആർ b. സന്തോഷ് എച്ചിക്കാനം c. എസ്.ഹരീഷ്

d. എൻ.എസ്.മാധവൻ

51. നജീബിന്റെ ഭാര്യയുടെ പേരെന്ത്?

a. സുഹ്റ b .സൈനു c. റസിയ d. സൈറ

52. പാപത്തിനെ പ്രതിരൂപമായി ബഷീർ കരുതന്നതെന്തിനെ?

a. തോക്കിനെ b. വാവലിനെ c. മൂർഖനെ d. പൂർവ്വികരെ

53. ബഷീറിന്റെ സ്വകാര്യ സ്വത്തിൽ ആദ്യം പ്രത്യക്ഷപ്പെട്ടതാര്?

a. മൂർഖൻ പാമ്പ് b. പഴുതാര c. പക്ഷികളും ചിത്രശലഭങ്ങളും d. എലി

54. 'പൂവമ്പഴം' ആരുടെ കൃതിയാണ്?

a. ബഷീറിന്റെ b. കാരൂറിന്റെ c. ടി.പദ്മനാഭന്റെ d. സക്കറിയയുടെ

55. രാത്രിയിൽ നാഗചെമ്പകത്തിനു മുകളിൽ പൂക്കൾക്കു മീതെ എന്താണുറങ്ങിയത്?

a. പച്ചിലപ്പാമ്പ് b. പ്രേതം c. കിളി d. ജാഹ്നവി

56. ചന്ദ്രമോഹന്റെ അച്ഛന്റെ പേരെന്റ്?

a. കരുണാകരൻ b. കുമാരൻ c. കൃഷ്ണൻ d. പവിത്രൻ

57. മുറ്റത്തെ കാൽ പെരുമാറ്റം കേട്ടു നോക്കിയപ്പോൾ എന്താണ് കണ്ടത്?

a. പശുവിനെ b. ഒരാട്ടിൻകുട്ടിയെ c. തള്ളപ്പട്ടിയെ d. ഉപ്പനെ

58. കെ.എ.കൊടങ്ങല്ലൂർ പുരസ്ക്കാരം നേടിയ ഉണ്ണി ആറിന്റെ കഥയേത്?

a. മുദ്രാ രക്ഷസം b. കാളിനാടകം c. പ്രാണി ലോകം d. കോട്ടയം 17

59. വിശന്ന് മരിച്ച മകൾ ആരുടേതാണ്?

a. അസൈനാർച്ചയുടെ b. ഗോപാൽ യാദവിന്റെ c. ഹാജിയാരുടെ

d. കലന്തൻ ഹാജിയുടെ

60. തലേന്നു മരിച്ച അമ്മയെക്കുറിച്ചുള്ള മകളുടെ ഓർമ്മകളോടെ ആരംഭിക്കുന്ന കഥയാണ്

a. അഗ്നി b. ബിരിയാണി c. കടൽ d. മോഹമഞ്ഞ

61. വിമാനത്താവളത്തിൽ കാത്തുനിന്നു തളർന്ന സന്ദർഭത്തിൽ ലോകത്തിലെ മറ്റേതു വാക്കിനേക്കാളും നജീബ് ഇഷ്ടപ്പെട്ട വാക്ക് എന്ത്?

a. അച്ഛൻ b. അമ്മ c. ഭാര്യ d. അർബാബ്

62. എന്തായിരുന്നു കളിക്കാരുടെ രാത്രിയാഹാരം?

a. പൊറോട്ടയും ചാപ്സും b. ബിരിയാണി c. ചപ്പാത്തിയും ചിക്കനും

d. ചോറും കറിയും

63. ''ഡോക്ടർക്ക് എന്റെ സുഖക്കേട് ചികിത്സിച്ചു മാറ്റാൻ കഴിയുമോ?'' എന്നു ചോദിക്കുന്നത്?

a. അമ്മ b. അച്ഛൻ c. മകൾ d. ഗുരുനാഥൻ

64. ബഷീറിന്റെ പറമ്പിൽ പ്രത്യക്ഷപ്പെട്ട കൈയും കാലും ചിറകും ഒന്നുമില്ലാത്ത ഭീകര സ്വരൂപി ആരായിരുന്നു?

a. പഴുതാര b. മൂർഖൻപാമ്പ് c. പച്ചില പാമ്പ് d. കൂമൻ

65. നജീബിനെ ഒരിയ്ക്കൽ ഇടിച്ചു വീഴ്ത്തുകയും കൈയൊടിക്കുകയും ചെയ്ത മുട്ടനാടിന്റെ പേരെന്ത്?

a. അറവു റാവുത്തർ b. നബീൽ c. താഹിറ d. ഇണ്ടിപ്പോക്കർ

66. ''എന്നെ വിസ്മയിപ്പിച്ച മലയാള നോവൽ'' എന്ന ആടു ജീവിതത്തെ വിശേഷിപ്പിച്ചത്?

a. പി വത്സല b. എൻ.ശശിധരൻ c. എം.മുകുന്ദൻ d. ടി.പദ്മനാഭൻ

67. ''എനിക്കീ പ്രപഞ്ചങ്ങളെയെല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നു'' എന്ന് പറയുന്നത് ആര്?

a. ബഷീർ b. ബഷീറിന്റെ ഭാര്യ c. കാരൂർ d. ഉറൂബ്

68. കളിക്കാരെ മാനഞ്ചിറ മൈതാനത്തു കൊണ്ടു വന്നതെങ്ങനെ?

a. കാറിൽ കയറ്റി b. മഞ്ചലിൽ കയറ്റി c. ബസിൽ കയറ്റി d. ഓട്ടോറിക്ഷയിൽ

69. 'ഓർമ്മകളുടെ ഞരമ്പ്' എന്ന കൃതി രചിച്ചത് ആര്?

a. കെ.ആർ.മീര b. സാറാജോസഫ് c. മാധവികുട്ടി d. സിതാര എസ്

70. നജീബ് എത്തിയ രാജ്യത്തെ ഏറ്റവും വലിയ ജയിൽ ഏതായിരുന്നു?

a. ഖത്തർ ജയിൽ b. സുമ്രസി ജയിൽ c. ബത്ത ജയിൽ d. കുവൈറ്റ് ജയിൽ

71. ''ഞാൻ ആ തോക്ക് യഥാസ്ഥാനത്തു തന്നെ മടക്കി വച്ചു'' ആര്?

a. നജീബ് b. ഹക്കിം c. ഹമീദ് d. ഇബ്രാഹിം ഖാദരി

72. പരിസ്ഥിതിയ ദർശനം ഉൾക്കൊള്ളുന്ന കഥയാണ്

a. പൂവമ്പഴം b. അഗ്നി c. ആർക്കറിയാം d. പ്രാണിലോകം

73. ജൈവ വൈവിധ്യത്തിന്റെ കേന്ദ്രമായി വീടിനെ മാറ്റിത്തീർക്കുകയായിരുന്നു അയാൾ – ആര്?

a. കഥാകൃത്ത് b. ഉറൂസ് c. ഉണ്ണി ആർ d. നജീബ്

74. ''നുണയാണ്? ഏത് മേബിൾ അമ്മായി? ഏതു ജയദേവൻ ഭ്രാന്തു പറയാതെ പോ'' ആരുടെ വാക്കുകൾ?

a. സാഹിത്യകാരന്മാരായ സുഹൃത്തുക്കൾ b. ഭർത്താവ് c. സ്ത്രീകൾ

d.എഴുത്തുകാരി

75. ''ചോരയുടെ ഉളുമ്പ് അത്രവേഗം പോകില്ല'' വക്താവ് ആര്

a. പട്ടാളക്കാരൻ b. വേശ്യാലയമുടമസ്ഥ c. രക്ഷകൻ d. മറ്റൊരാൾ

76. ആരായിരുന്നു പ്രധാന വാർത്തയ്ക്ക് തലക്കെട്ടുകൊടുത്തത്?

a. ചുല്യാറ്റ് b. സുഹ്റ c. വിശ്വനാഥൻ d. നകുൽ കേൽക്കർ

77. ബോംബയിലെ ശിവജി പാർക്കിലെ കുട്ടികൾക്കെല്ലാം ആരാവാനായിരുന്നു ആഗ്രഹം?

a. സച്ചിൻ ടെൻഡുൽക്കർ b. എം.എൻ.വിജയൻ c. സുനിൽ ഗവാസ്ക്കർ

d. കപിൽ ദേവ്

78. 'സലാം അമേരിക്ക' ആരുടെ കൃതിയാണ്?

a. മാധവിക്കുട്ടി b. സക്കറിയ c. എൻ.എസ്.മാധവൻ d. ഇന്ദുമേനോൻ

79. ഭർത്താവിന്റെ ദുർഗന്ധം വമിക്കുന്ന അടിവസ്ത്രങ്ങൾ ഒന്നിനു പിന്നാലെ മറ്റൊന്നായി തന്റെ മുഖത്തും കഴുത്തിലും വീണ് തന്നെ മൂടുന്നതായി അവർക്ക് തോന്നു'' ഈ വാക്യം ഏത് കഥയിൽ നിന്നുള്ളതാണ്?

a. പൂവമ്പഴം b. മോഹമഞ്ഞ c. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും

d. തരിശു നിലം

80. നജീബിന്റെ പ്രണയ കഥയിലെ ആദ്യ നായിക ആരായിരുന്നു?

a. മേരി മൈമുന b. റസിയ c. താഹിറ d. റൗഫത്ത്

81.''പണ്ടൊക്കെ നമ്മളൊക്കെ കൊച്ചായിരുന്ന സമയത്താണെ ഇത്രേലൊന്നും ഒറ്റകായ് ബാക്കി വെക്കത്തില്ല'' – ഇതാരുടെ വാക്കുകൾ?

a. ചന്ദ്രമോഹന്റെ b. കരുണാകരന്റെ c. ഉണ്ണിമാമയുടെ d. പവിത്രയുടെ അമ്മയുടെ

82.''ശരിയാണ് ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ട് എന്നെനിക്ക് മനസ്സിലായി'' ഇതാരുടെ വാക്കുകൾ?

a. പ്രിയയുടെ b. സഞ്ജീവിന്റെ c. പയ്യന്റെ d. രവിയുടെ

83.തന്റെ കഷ്ടപ്പാടുകൾ അസൈനാർച്ചയോട് പറയേണ്ടിയിരുന്നില്ലെന്ന് തോന്നിയത് ആർക്ക്?

a. കലന്തൻ ഹാജിക്ക് b. കതിരേശന് c. ഗോപാൽ യാദവിന് d. രാമചന്ദ്രന്

84.''മീൻ കൂട്ടിയാ പോരേ? ചട്ടീം വടിച്ച് നക്കണോ?'' എന്ന് പുഞ്ചിരിയോടെ ഗുരു ചോദിച്ചു ആരോട്?

a. കൊച്ചു കരുണാകരനോട് b. ചന്ദ്രമോഹനോട് c. ഉണ്ണിമാമയോട്

d. കുമാരനാശാനോട്

85.'മോദസ്ഥിരനായങ്ങു വസിപ്പൂമലപോലെ - ഇതാരുടെ കൃതിയാണ്

a. സക്കറിയ b. ടി പദ്മനാഭൻ c. എസ് ഹരീഷ് d. കാരൂർ

86.നീർ മാതളം പൂത്തകാലം ആരുടെ കൃതിയാണ്?

a. മാധവകുട്ടിയുടെ b. സാറാജോസഫിന്റെ c. സിതാര എസിന്റെ

d. ഇന്ദുമേനോന്റെ

87.മസറയിലെ ഏറ്റവു സുന്ദരിയായ ആടിന് നജീബ് കൊടുത്ത പേരെന്ത്?

a. പിങ്കി b. അമ്മു c. മേരി മൈമുന d. കൗസു

88.പോച്ചക്കാരി രമണി എന്ന കഥാപാത്രം ആരുടെ കൃതിയിലേതാണ്

a. ബഷീറിന്റെ b. സക്കറിയയുടെ c. ബെന്യാമിന്റെ d. മാധവികുട്ടിയുടെ

89.മഴമേഘം പോലെ വിങ്ങി നിൽക്കുന്ന വികാരങ്ങളുടെ ആവിഷ്ക്കാരമാണ്

a. പൂവമ്പഴം b. പ്രാണിലോകം c. ഭൂമിയുടെ അവകാശികൾ

d. മാനാഞ്ചിറ ടെസ്റ്റ്

90.മസറയിൽ ആദ്യമായി പാലു കറക്കാൻ നിയോഗിക്കപ്പെട്ടപ്പോൾ ആദ്യമായി അകിടിനു പിടിച്ച ആടിന്റെ പേര്?

a. അമ്മിണി b. കൗസു c. റൗഫത്ത് d. മേരി മൈമുന

91. ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹത്തിന്റെ വ്യാപ്തിയെക്കുറിച്ച് നിങ്ങളോട് സംസാരിക്കുന്നത് വെറുതെയാണെന്ന് എനിക്കറിയാം'' ഏത് കഥയിൽ നിന്നുള്ളതാണ് ഈ വാക്യം?

a.പെരുമഴയുടെ പിറ്റേന്ന് b. കടൽ c. അഗ്നി d. മോഹമഞ്ഞ

92. ഫ്രഞ്ചു പഠിപ്പിക്കുന്ന അധ്യാപികയാണ് അവൾ ആര്?

a.ബേല b. പ്രിയ c. പവിത്ര d. ജയശ്രീ

93. നിസ്സംഗതയുടെ മൂർത്തിമത് ഭാവം എന്ന് നജീബ് വിളിക്കുന്നത്?

a.കോലാടുകളെ b.ഒട്ടകങ്ങളെ c.ചെമ്മരിയാടുകളെ d.മുട്ടനാടുകളെ

94. ബത്തയിലെ ചെറിയ പോലീസ് സ്റ്റേഷനുമുന്നിൽ നജീബിനൊപ്പം ഉണ്ടായിരുന്നത് ആര്?

a. ഹക്കീം b. ഹമീബ് c. ഹമീദ് d. ഇബ്രാഹിം ഖാദരി

95. തന്റെ താലി സാരിക്കുള്ളിൽ മറഞ്ഞിരിക്കുകയാണോയെന്നു തിരഞ്ഞതാര്?

a. അനൂപിന്റമ്മ b. ചന്ദ്രമോഹന്റമ്മ c. പവിത്രയുടമ്മ d. കരുണാകരന്റമ്മ

96. മിസ്സിസ് ഡ്സൂസ കഥാപാത്രമായി വന്ന കഥ ഏത്?

a.കടൽ b. പെരുമഴയുടെ പിറ്റേന്ന് c.അഗ്നി d.മോഹമഞ്ഞ

97. ''എന്നെ പെറ്റ ഉടനെ അമ്മ പ്രത്യേകം പറഞ്ഞു തീർപ്പിച്ച് ഇടുവിച്ചതാണിത്'' എന്തിനെക്കുറിച്ചാണ് പരാമർശം?

a.വള b.കമ്മൽ c.മാല d.ലോഹ വളയം

98. കൃതിയുടെ രചനയ്ക്കു വേണ്ടി മേബിൾ അമ്മായിയുടെ വീട് തിരഞ്ഞെടുക്കാൻ എഴുത്തുകാരിയെ ഉപദേശിച്ചതാര്?

a. പുരുഷോത്തമൻ b അമ്മ c. ജയദേവൻ d. മേബിൾ അമ്മായി

99. 'ഞാൻ കേട്ടതെല്ലാം അമ്മമാരുടെ കരച്ചിലാണ്'' - വക്താവ് ആര്?

a. പട്ടാളക്കാരൻ b. ഉടമസ്ഥ c. സക്കറിയ d. രാജാവ്

100.വേഷപ്പകർച്ച ആരുടെ കൃതി ആണ്?

a. കെ.ആർ.മീര b. ഇന്ദു മേനോൻ c. സാറാ ജോസഫ് d. സിതാര എസ്

101. ''മറ്റെന്നാൾ ഒരു സംഭവമുണ്ട്. തയ്യാറായിരിക്കുക!'' അത്രയും പറഞ്ഞിട്ട് അവൻ തിരിച്ചോടിക്കളഞ്ഞു. ആര്?

a. ഇബ്രാഹിം ഖാദരി b. ഹമീദ് c. ഹക്കീം d. നജീബ്

102.ഒരു ലെസ്ബിയൻ പശു - ആരുടെ കൃതിയാണ്?

a. ഇന്ദു മേനോൻ b. സിതാര എസ് c. മാധവികുട്ടി d. കെ.ആർ.മീര

103.''ഇല്ല ഭവതിയെപ്പോലെ ഈശ്വര സൃഷ്ടി. അതും ജീവിക്കട്ടെ ഈ ഭൂഗോളത്തിന്റെ അവകാശികൾ'' - ഏതു കൃതിയിലേതാണ് ഈ വാക്യം?

a. പ്രാണിലോകം b. ഭൂമിയുടെ അവകാശികൾ c. ബിരിയാണി

d. മോഹ മഞ്ഞ

104.കഴിഞ്ഞ മരുഭൂമി ദിനങ്ങളിലൊന്നും ഞാൻ കണ്ണാടി നോക്കിയിട്ടില്ലായിരുന്നു. നോക്കിയിരുന്നെങ്കിൽ തീർച്ചയായും എനിക്ക് എന്നെയും തിരിച്ചറിയാൻ കഴിയുമായിരുന്നില്ല - എന്ന് ചിന്തിച്ചത് ആര്?

a. ഹക്കീം b. വികൃത രൂപി c. ഹമീദ് d. നജീബ്

105.പണക്കാരന്റെ വണ്ടിയിലും വല്ലപ്പോഴും അല്ലാഹു സഞ്ചരിക്കുമെന്ന് എനിക്കന്നേരം മനസ്സിലായി ആർക്ക്?

a. നജീബിന് b. നബീലിന് c. ഹക്കീമിന് d. □ഞ്ഞിക്കയ്ക്ക്

106.''ഒരു കാമുകനാകാനൊന്നുമല്ല ഞാൻ നിങ്ങളെ ക്ഷണിച്ചുവരുത്തുന്നത് വെറുതെ ഒന്നു കാണുവാൻ മാത്രം'' .... കാമുകി കാമുകനയക്കുന്ന കത്തിലെ ഈ വാക്യം ഏതു കഥയിലേതാണ്?

a. കടൽ b. തരിശുനിലം c. അഗ്നി d. പെരുമഴയുടെ പിറ്റേന്ന്

107. അനുതാപത്തോടെ എന്റെ തോളിൽ നിന്ന് സഞ്ചിയെടുത്തു മാറ്റാൻ പുരുഷോത്തമൻ ശ്രമിക്കുന്നതിനിടയിൽ അയാളുടെ കൈ തട്ടിത്തെറിപ്പിച്ച് ഒറ്റകുതിപ്പിന് ഞാൻ ഉമ്മറപ്പടിയിലെത്തി ആരുടെ കൃതിയിലേതാണ് ഈ വാക്യം?

a. മാധവികുട്ടിയുടെ b. സാറാ ജോസഫിന്റെ c. കെ.ആർ.മീരയുടെ

d. സിതാര എസിന്റെ

108. ''എനിക്കൊരീറ്റുമുറിയാണു വേണ്ടത്! വാതിൽപ്പുറത്തുള്ള ഒന്നിനോടും ബന്ധമില്ലാത്ത ഒരീറ്റു മുറി'' - ഏത് കഥാപാത്രത്തിന്റെ ചിന്തയാണിത്?

a. തരിശുനിലം b. ഭൂമിയുടെ അവകാശികൾ

c. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും d. പ്രാണി ലോകം

109. ''അവൻ രക്ഷപ്പെട്ടുവെങ്കിലല്ലേ''? ആരുടേതാണ് ഈ വാക്കുകൾ?

a. പട്ടാളക്കാരന്റെ b. ഉടമസ്ഥയുടെ c. രാജാവിന്റെ d. ക്രിസ്തുവിന്റെ

110. എനിക്ക് നിന്നോട് അനുകമ്പ മാത്രമേ തോന്നുന്നുള്ളൂ ഒരു സാധാരണ സ്ത്രീയായി ജനിക്കുവാൻ കൂടി കഴിഞ്ഞില്ലല്ലോ നിനക്ക്'' ആരുടെ വാക്കുകൾ?

a. കാമുകന്റെ b. കാമുകിയുടെ c. ഭാര്യയുടെ d. ഭർത്താവിന്റെ

111. കാലിൽ മാംസത്തിൽ പൂണ്ടുകിടക്കുന്ന പഞ്ചലോഹനിർമ്മിതമായ വളയത്തെക്കുറിച്ച് പരാമർശിക്കുന്നത് ഏത് കഥയിലാണ്?

a. തരിശുനിലം b. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും c. തിരുത്ത്

d. അഗ്നി

112. ഷാപ്പിൽ നിന്ന് ഗുരുവിന്റെ ഫോട്ടോ എടുത്ത് മാറ്റിയത് ആര്?

a. കവി b. ചെത്തുകാർ c. കള്ളു കുടിയൻ d. കരുണാകരൻ

113. എനിക്ക് മസറയിലെ നൂറുകണക്കിന് ആട്ടിൻകുട്ടികൾക്കിടയിൽ ഒരുവൻ ആയിരുന്നില്ല അവൻ എന്റെ സ്വന്തം പുത്രനായിരുന്നു? ആരെക്കുറിച്ചാണ് ഈ പരാമർശം?

a. നജീബിനെ b. നബീലിനെ c. പിങ്കി d. അമ്മു

114. മസറയിലെ ഏറ്റവും സുന്ദരിയായ ആടിന് ഇട്ട പേരെന്തായിരുന്നു

a. മേരി മൈമുന b. പിങ്കി c. അമ്മു d. കൗസു

115. ''മേരിയല്ലുമ്മ മേരിമൈമുന'' വക്താവ് ആര്?

a. നജീബ് b. സുഹ്റ c. സൈനു d. പോക്കർ മാമൻ

116. ''അതു മതി, ഈശ്വര, എനിക്കീ ഭാഗ്യങ്ങളൊക്കെ മതി'' - ആർക്ക്?

a. അപ്പുവിന് b. ബേലയ്ക്ക് c. ജയശ്രീക്ക് d. ശിവശങ്കരന്

117. ഒരാണിന്റെ സർവ്വ ചൂടോടെയും മദിച്ചു നടക്കവേ നീ ...? എന്റെ പുത്രൻ...? ഇല്ല നിന്നെ ഞാൻ അയാളുടെ കത്തിക്കു വിട്ടു കൊടുക്കില്ല ആരെ?

a. നബീലിനെ b. നജീബിനെ c. ഹമീദിനെ d. ഹക്കീമിനെ

118. ''അയാൾ ആരായാലും ശരി ഇനി മുതൽ ഈ പത്രത്തിൽ പണിയെടുക്കേണ്ട'' വക്താവ് ആര്?

a. സുഹ്റ b. വിശ്വനാഥൻ c. ചുല്യാറ്റ് d. ഇക്ബാൽ

119. ‘‘നഷ്ടപ്പെട്ട നീലാംബരി’’ ആരുടെ കൃതിയാണ്

a. സാറാജോസഫിന്റെ b. മാധവിക്കുട്ടിയുടെ c. കെ.ആർ.മീരയുടെ

d. എം.ടി.വാസുദേവന്റെ

120. ‘‘ആലാഹയുടെ പെൺമക്കൾ‘‘ ആരുടെ കൃതിയാണ്?

a. മാധവിക്കുട്ടിയുടെ b. എം.ടി.യുടെ c. സാറാ ജോസഫിന്റെ

d. സക്കറിയയുടെ

121. ‘‘ആവേ മരിയ’’ എന്ന കൃതി രചിച്ചത് ആര്?

a. കെ.ആർ.മീര b. മാധവിക്കുട്ടി c. ടി. പത്മനാഭൻ d. കാരൂർ

122. ‘‘ന്താ രവ്യ, സിമിത്തേരിന്റെ മുൻപിലെ വീടുതന്നെ വേണന്നൊാരു കടുമ്പിടുത്തം?’’ ആരുടെ ചോദ്യമാണിത്?

a. സീതാലക്ഷ്മിയുടെ b. നരേഷിന്റെ c. ജാഹ്നവിയുടെ d. അമ്മയുടെ

123. ‘‘നീയെന്തേ സീതാ, അമൃതവർഷിണിക്ക് - ഇളം പച്ച നിറമാണെന്ന് എന്നോട് വാദിക്കാത്തത്’’? വക്താവ് ആര്?

a. രവിശങ്കറിന്റെ b. നരേഷിന്റെ c. രവിശങ്കറിന്റെ അമ്മയുടെ d. നരേഷിന്റെ അമ്മയുടെ

124. ‘‘പാത്തുമ്മയുടെ ആട്‘‘ എന്ന കൃതി രചിച്ചത്?

a. കാരൂർ b. ബഷീർ c. ടി.പത്മനാഭൻ d. വി.കെ.എൻ

125. ‘‘എന്റെ ജീവിതത്തിൽ ഒരിക്കലും രഹസ്യങ്ങളുണ്ടായിരുന്നില്ല - തെറ്റാണ് എന്ന് ഞാൻ കരുതിയ ഒന്നും ഒരിക്കലും ചെയ്തിട്ടുമില്ല .... എന്നിട്ടും മറ്റാരെക്കാളും നന്നായി മനസ്സിലാക്കാവുന്ന നിന്റെ അച്ഛൻ പോലും.....’’ ഇത് ഏത് കഥയിലെ വാക്യമാണ്?

a. പെരുമഴയുടെ പിറ്റേന്ന് b കടൽ c. മോഹമഞ്ഞ d. തരിശുനിലം

126. ‘‘പൊതിച്ചോറ്’’ - ആരുടെ കൃതിയാണ്

a. ബഷീർ b കാരൂർ c. എം.ടി.വാസുദേവൻനായർ d. ടി.പത്മനാഭൻ

127. അർബാബിനേക്കാൾ നജീബിനെ മനസ്സിലാക്കിയിട്ടുള്ളതാരാണ്?

a. വികൃത രൂപി b. ഒട്ടകങ്ങൾ c. ആടുകൾ d. ഇവരാരുമല്ല

128. തണുപ്പിന്റെ മൂർദ്ധന്യാവസ്ഥയിൽ നജീബ് കണ്ടെത്തിയ ചൂടുള്ള വസ്തു എന്തായിരുന്നു?

a. കമ്പളിപ്പുതപ്പ് b. ചെമ്മരിയാടുകൾ c. ഒട്ടകങ്ങൾ

d. വികൃതരൂപിയുടെ പഴയ വസ്ത്രം

129. ‘‘നജീബ് നീ കണ്ടോ? സത്യമായും അതൊരു പള്ളി തന്നെ’’ - വക്താവ് ആര്?

a. കുഞ്ഞിക്ക b. മേരി മൈമുന c. ഹക്കിം d. ഇബ്രാഹിം ഖാദരി

130. ആർത്തിയോടെ അവൻ ആ വെള്ളമെല്ലാം കുടിച്ചുതീർക്കുന്നതു കാണാനാവാതെ കണ്ണടച്ചു കിടന്നു ആരാണ് കണ്ണടച്ചു കിടന്നത്?

a. ഇബ്രാഹിം ഖാദരി b. ഹക്കിം c. ഹമീദ് d. നജീബ്

131. ‘‘എനിക്കറിഞ്ഞുകൂടാ കുഞ്ഞുങ്ങൾക്ക് മരണമുണ്ടോ? അവർക്ക് മരണത്തെപ്പറ്റി ചിന്തിക്കാനറിയാമോ? വക്താവ് ആര്?

a. പട്ടാളക്കാരൻ b. ഉടമസ്ഥ c. ഹോറോദേസ് d. ഇവരാരുമല്ല

132.മരുഭൂമിയിൽ ഒരു പല്ലി എന്നാൽ നിനക്കറിയുമോ ....തൊട്ടടുത്തെവിടെയോ ജലസാന്നിദ്ധ്യം എന്നാണ് അതിനർത്ഥം .. ആരുടെ വാക്കുകൾ

a. നജീബ് b. ഹമീദ് c. ഹക്കീം d. ഇബ്രാഹിം ഖാദരി

133.തന്റെ സ്വന്തം ഹൃദയത്തിന്റെ ഏകാന്തതയിൽ നിന്നും രക്ഷപ്പെടാൻ മോഹിച്ചിരുന്ന അവൾക്ക് അനുഗ്രഹമായി ത്തീർന്നതെന്ത്?

a. സംഗീതം b. നൃത്തം c. മരണം d. കാമുക ദർശനം

134.''നാട്ടിലേക്കു വിളിക്കേണ്ടേ...? ഉമ്മയുടെയും ബീവിയുടേയും ശബ്ദം കേൾക്കണ്ടേ...? ചോദ്യം ആരുടേത്?

a. ഇബ്രാഹിം ഖാദരി b. നജീബ് c. കുഞ്ഞിക്ക d. ഹക്കീം

135.രസവിദ്യയുടെ ചരിത്രം എന്നത് ആരുടെ കൃതിയാണ്?

a. എസ്.ഹരീഷ് b. ഉണ്ണി ആർ c. സന്തോഷ് എച്ചിക്കാനം d. സിതാര.എസ്.

136.''അതാണല്ലോ പെണ്ണുങ്ങളുടെ ഒരു ഗുണം'' - ഏത് കൃതിയിലേതാണ് ഈ വാക്യം?

a. മോഹമഞ്ഞ b. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും c. ആർക്കറിയാം

d. തരിശുനിലം

137.''ചെറുപ്പമായിരുന്നെങ്കിൽ നമുക്ക് ഒരു സിനിമയ്ക്ക് പോകാമായിരുന്നു'' ഏത് കഥയിലേതാണ് ഈ വാക്യം?

a. കടൽ b പൂവമ്പഴം c. ഭൂമിയുടെ അവകാശികൾ d. മോഹമഞ്ഞ

138.''പിടഞ്ഞുണർന്നണയ്ക്കുന്ന രണ്ടു പുരുഷ ശരീരങ്ങളിലേയ്ക്ക് തുറിച്ച വൈരക്കണ്ണുകളോടെ നോക്കി നിലക്കുന്ന ഒരു സ്ത്രീ...'' സ്ത്രീ ആര്?

a. പ്രിയ b. സീതാ ലക്ഷ്മി c. ജാഹ്നവി d. ജയശ്രീ

139.'നീ ഇപ്പോഴും ഇങ്ങനെയാണോ! കുട എടുക്കില്ല. പണമെടുക്കില്ല, ഉറുമാലെടുക്കില്ല ...., നീ എങ്ങനെയാണ് കഴിഞ്ഞുകൂടാൻ പോവുന്നത് എന്ന് എനിക്കറിയില്ല'' - ഏത് കഥയിലെ നായകനാണ് വാക്താവ്?

a. തരിശു നിലം b. ബിരിയാണി c. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും d. മോഹമഞ്ഞ

140.ഇടറാത്ത സ്വരത്തിൽ അവൾ പറഞ്ഞു: ''ശരിയാണ് ഞാൻ നിങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. വീണ്ടും കുടുക്കിൽപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു ഞാൻ എനിക്ക് മാപ്പു തരണം? ഏത് കഥയിലേതാണ് ഈ സന്ദർഭം?

a. മോഹ മഞ്ഞ b. അഗ്നി c. കടൽ d. തരിശുനിലം

141.''അപ്പുവിനു മര്യാദയൊന്നും നോക്കേണ്ട. ഇഷ്ടമുള്ളതിലേ കേറാം ഇതിലേയിങ്ങു കേറിക്കോളൂ'' വക്താവ് ആര്?

a. ശിവശങ്കരൻ b. രവി c. കുഞ്ഞോത്തേരമ്മ d. ഇവരാരുമല്ല

142.''ഈ അപ്പുവിനെപ്പോഴും ധിറുതിയാണല്ലോ'' - വക്താവ് ആര?

a. പൂവമ്പഴം b. ശിവശങ്കരൻ c. പ്രിയ d. ഇവരാരുമല്ല

143.‘‘ഡോക്ടറെ കാണാനോ? എന്തിന് –? ഡോക്ടർക്ക് ചികിത്സിച്ചു മാറ്റാൻ കഴിയുന്ന എന്തു സുഖക്കേടാണ് എനിക്ക്...’’ ഈ വാക്കുകൾ ആരുടെ?

a. അമ്മ b. മകൾ c. അച്ഛൻ d. കഥാകാരൻ

144.ആവശ്യത്തിനു വാക്കുകളെ പുറത്തുവിടുക എന്നതാണ് മനസ്സിന്റെ ഏറ്റവും വലിയ സ്വസ്ഥത ... അല്ലാത്തവൻ വാക്കുകളെ വിഴുങ്ങി വിഴുങ്ങിച്ചാവും ഏത് കൃതിയിലെ വാക്യമാണ് ഇത്?

a. ഭൂമിയുടെ അവകാശികൾ b. ആടുജീവിതം c. കടൽ d. മോഹമഞ്ഞ

145.‘‘ഒറ്റമരത്തണൽ’’ എന്ന കൃതി രചിച്ചത് ആര്?

a. ടി.പത്മനാഭൻ b. കെ.ആർ.മീര c. ബന്യാമിൻ d. കാരൂർ

146.‘‘ഇന്നലെ നിങ്ങളെ തൊട്ടപ്പോൾ എനിക്ക് എന്തോ നഷ്ടപ്പെട്ടതുപ്പോലെ തോന്നി’’ ഇങ്ങനെ പറഞ്ഞത് ആര്?

a. രവി b. സഞ്ജീവ് c. മൂന്നാമത്തെ പയ്യൻ d. ഇവരാരുമല്ല

147.‘‘ഇന്നലെ എങ്ങനെയുണ്ടായിരുന്നു’’ എന്ന സഞ്ജീവിന്റെ ചോദ്യത്തിന് പ്രിയയുടെ മറുപടി എന്തായിരുന്നു?

a. നിങ്ങൾ ഒട്ടും പോരായിരുന്നു b. നീ ഒരു അസ്സൽ പുരുഷനാണ്

c. നീയാണ് കേമൻ d. എനിക്കെന്തോ നഷ്ടപ്പെട്ടതു പോലെ തോന്നി

148.‘‘ആ വാസന ഇപ്പളും എന്റെ മൂക്കീന്നു പോയ്റ്റില്ലടോ’’ എന്തിന്റെ വാസന?

a. പൂവിന്റെ b. ബിരിയാണിയുടെ c. ചോറിന്റെ d. ബസ്മതി അരിയുടെ

149.‘‘നളിന കാന്തി’’ ആരുടെ കൃതിയാണ്?

a. ടി.പത്മനാഭൻ b. എം.ടി.വാസുദേവൻ നായർ c. കെ.ആർ.മീര

d. മാധവിക്കുട്ടി

150.‘സ്നേഹത്തോടെ പെരുമാറുക. എനിക്കീ പ്രപഞ്ചങ്ങളെ എല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നുണ്ട്’ – ഇങ്ങനെ പറഞ്ഞത് ആര്?

a. ബഷീർ b. ഉണ്ണി.ആർ c. മാധവിക്കുട്ടി d. ഇവരാരുമല്ല

151.‘‘മഞ്ഞ്’’ എന്ന കൃതി രചിച്ചത് ആര്?

a. ബഷീർ b. ഉണ്ണി.ആർ c. ടി.പത്മനാഭൻ d. എം.ടി.വാസുദേവൻ നായർ

152.‘ഹിഗ്വിറ്റ’ എന്ന കൃതി രചിച്ചത് ആര്?

a. സാറാ ജോസഫ് b. മാധവിക്കുട്ടി c. എൻ.എസ്.മാധവൻ d. വി.കെ.എൻ.

153.‘ശ്രദ്ധയോടെ മുടിയിഴയും അയാൾ ചെപ്പിനകത്ത് നിക്ഷേപിച്ചു. ഇതും കൂട്ടി ഇന്നേക്ക് ഇരുപത്തൊന്നാം തവണയാണ്’ അയാൾ ആര്?

a. നരേഷ് b രവിശങ്കർ c. ശിവശങ്കർ d. ഇവരാരുമല്ല

154.പൂവമ്പഴത്തിന്റേതല്ലാത്ത പേരേത്?

a. ഉണ്ണിമ b. നങ്ങയ്യ c. സീതാലക്ഷ്മി d. കുഞ്ഞത്തോരമ്മ

155.''ചോറ് തിന്നുകാന്നൊന്നും അവരോട് പറയണ്ട വല്യമ്മേ . ചോറുണ്ണാം എന്നേ അവരോട് പറയാവൂ'' - പറഞ്ഞത് ആര്?

a. അനൂപിന്റമ്മ b. പവിത്രയുടെ അമ്മ c. ജയശ്രീ d. അനൂപിന്റച്ഛൻ

156.''ഭാസ്ക്കര പട്ടേലരും എന്റെ ജീവിതവും'' എന്ന കൃതി രചിച്ചത് ആര്?

a. ഉണ്ണി.ആർ b. സക്കറിയ c. ടി.പ്ത്മനാഭൻ d. വി.കെ.എൻ.

157.''വാവലുകൾ മനുഷ്യരുടെ പൂർവികന്മാരുടെ അത്മാക്കളത്രേ! വെടി വയ്ക്കാൻ പാടില്ല!'' - ഏത് കൃതിയിലേതാണ് ഈ വാക്യം?

a. ഭൂമിയുടെ അവകാശികൾ b. കടൽ c. ആർക്കറിയാം d. പൂവമ്പഴം

158.''പെൺകുട്ടിയുടെ മുടി വളർന്ന് വളർന്ന് അങ്ങനെയവൾ കടലായി, മഴയായി, മേഘമായി ഒരു രാത്രിയിൽ......'' എന്ന് അയാൾ സങ്കൽപ്പിക്കുന്നു ഏത് കഥയിൽ നിന്നാണ് ഈ വാക്യം?

a. മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ b. ചില സ്വപ്നങ്ങളിൽ സീതാലക്ഷ്മിയുടെ കറുത്ത മുടിയിഴ c. മോഹമഞ്ഞ d. തരിശുനിലം

159.'പറഞ്ഞോളൂ, ഞാൻ ഭ്രാന്തത്തിയാണെന്ന്' അതുകൊണ്ടാണ് ഞാൻ തലമുടി പിന്നോക്കം ചീകുന്നത്, ഇംഗ്ലീഷിൽ സംസാരിക്കുന്നത്, നിങ്ങളെ .... ഏത് കഥയിലെ നായികയുടെ വാക്കുകളാണ് ഇത്?

a. കടൽ b മോഹമഞ്ഞ c. തരിശു നിലം d. അഗ്നി

160.'ബിരിയാണി' എന്ന കഥ രചിച്ചത് ആര്?

a. ഉണ്ണി.ആർ b. സക്കറിയ c. വി.കെ.എൻ d. സന്തോഷ് എച്ചിക്കാനം

161.'അവരെ പരിചയമുള്ളവർ അവരുടെ വർത്തമാനം കേട്ടിട്ടുള്ളവർ, ആഗ്രഹിക്കും അവർക്ക് നന്മ വരണമെന്ന്' ആരെക്കുറിച്ചാണ് ഈ പരാമർശം?

a. സീതാലക്ഷ്മിയെക്കുറിച്ച് b. പവിത്രയെക്കുറിച്ച് c. പൂവമ്പഴത്തെക്കുറിച്ച് d. ഇവരാരെയുംകുറിച്ചല്ല

162.''പൂവമ്പഴോം പടറ്റുപഴോം!'' എന്ന് മുറുമുറുമുറുത്തുകൊണ്ട് ബുക്കു മടക്കി വച്ചിട്ട് ഞാൻ മതിലിങ്കലേക്ക് ചെന്നു - ചെന്നത് ആര്?

a. ഉണ്ണിമ b. അപ്പു c. ഉണ്ണി d. പൂവമ്പഴം

163.അമ്മയെക്കുറിച്ച് മകൾക്ക് തീർത്തും അജ്ഞാതമായ ഒരു ലോകമായിരുന്നു ആ ഡയറിയിലുണ്ടായിരുന്നത് - അമ്മയുടെ ഡയറിക്കുറിപ്പുമായി ബന്ധപ്പെട്ട് കഥ രചിച്ചിരിക്കുന്നത് ഏത് കഥയിലാണ്?

a. കടൽ b. മോഹമഞ്ഞ c. തിരുത്ത് d. തരിശുനിലം

164.'കടൽ' എന്ന കഥ രചിച്ചത് ആര്?

a. എം.ടി.വാസുദേവൻ നായർ b. ടി.പത്മനാഭൻ c. സക്കറിയ d. ബഷീർ

165.'ഒരിയ്ക്കലും രക്ഷപ്പെടാനാവാത്ത വിധം തന്റെ ജീവിതം ആടുകളുടെയിടയിൽ ബന്ധിക്കപ്പെട്ടു' കഴിഞ്ഞു എന്ന് മനസ്സിലായി - ആർക്ക്?

a. ഹമീദ് b. ഹക്കീം c. നജീബ് d. കുഞ്ഞിക്ക

166. അർബാബിനൊപ്പം മരുഭൂമിയുടെ നടുവിലുള്ള മസറയിലെത്തിയപ്പോൾ നജീബിനെ സ്വാഗതം ചെയ്തത് ആര്?

a. ഭീകര രൂപി b. മറ്റൊരു അർബാബ് c. ആടുകൾ d. ഒട്ടകങ്ങൾ

167. ചെടിക്കുഞ്ഞുങ്ങളുടെ വാക്കുകൾക്ക് ഞാൻ ചെവികൊടുത്തു ഞാനെന്റെ അനുകൂലത്തിനു വേണ്ടി ക്ഷമാപൂർവ്വം കാത്തിരുന്നു. കാത്തിരുന്നത് ആര്?

a. ബന്യാമിൻ b. ഹക്കിം c. നജീബ് d. കുഞ്ഞിക്ക

168. ''ഒത്തിരി നേരം ഒരു തണലത്ത് ഒന്നിരിക്കുക എന്നതായിരുന്നു അന്നേരത്തെ എന്റെ അടങ്ങാനാവാത്ത മോഹം'' – ആരുടെ?

a. ഇബ്രാഹിം ഖാദരി b. നജീബ് c. സൈനു d. അറവു റാവുത്തർ

169. ''നീ ഞങ്ങളെ കൊല്ലാൻ കൊണ്ടിറങ്ങിയതാണോ? ഇതാണോ നീ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത്? ഇതിനേക്കാൾ എത്രയോ ഭേദമായിരുന്നു ആ മസറ'' ഇത് ആരുടെ വാക്കുകളാണ്!?

a. ഇബ്രാഹിം ഖാദരി b. ഹക്കിം c. നജീബ് d. ഇവരാരുമല്ല

170. ''നോയ്ക്കേ എന്തു ഭംഗിയാണെന്ന്! ശ്രീ രാമസ്വാമി വരച്ചതാ അതിന്റെ പുറത്തെ വര'' – വക്താവ് ആര്

a. അപ്പു b. കുഞ്ഞോത്തേരമ്മ c. അപ്പുവിന്റമ്മ d. ഉണ്ണി

171. ഞാൻ മരുഭൂമിയിലെ പ്രവാചകനെ എന്ന പോലെ ചുട്ടുപഴുത്ത മണലിൽ മുട്ടുകുത്തി നിന്ന് ആകാശത്തേയ്ക്ക് നോക്കി പ്രർത്ഥിക്കും'' ആരാണ് പ്രാർത്ഥിക്കുന്നത്?

a. നജീബ് b. ഹക്കിം c. ഹമീദ് d. ഇബ്രാഹിം ഖാദരി

172. ഓരോ ദിവസവും പഴവും മറ്റ് ധാന്യങ്ങളും കൊടുത്ത് അയാൾ എലികളെ മോചിപ്പിച്ചുകൊണ്ടിരുന്നു ആരാണ് അയാൾ?

a. കഥാകാരൻ b. ഉറൂമ്പ് c. ഉറൂബ് d. ഇവരാരുമല്ല

173. ''കുളികഴിഞ്ഞാൽ ഞാൻ എന്റെ പുതിയ പെണ്ണിനെ നിങ്ങളുടെ പക്കൽ പറഞ്ഞുവിടട്ടെ'' – ചോദ്യം ആരുടെ?'

a. ശങ്കർ രവി b. രവി ശങ്കർ c. നരേഷ് d. ഇവരാരുമല്ല

174. 'ഇത് നന്നാക്കീട്ടെന്തിനാ മനുഷ്യാ? പൊളിച്ചുകള'' ആരുടെ വാക്കു കളാണിത്?

a. പവിത്രയുടെ b. പവിത്രയുടമ്മയുടെ c. അനൂബിന്റെ അമ്മയുടെ d. ജയശ്രീയുടെ

175. ''ആനേനെ അല്ല ആനയെ എന്ന് പറയെടി'' ഇങ്ങനെ പറയുന്നത് ആര്?

a. അനൂപ് b. അനൂപിന്റെ അച്ഛൻ c. പവിത്രൻ d. ചന്ദ്രമോഹൻ

176. ''നജീബേ, മരുഭൂമിയുടെ ദത്തുപുത്രാ, ഞങ്ങളെപ്പോലെ നീയും നിന്റെ ജീവനെ അടക്കിപ്പിടിച്ച് ഈ മരുഭൂമിയോടു മല്ലിടുക'' നജീബിനെ ഇങ്ങനെ ഉപദേശിക്കുന്നതാര്?

a. ചെടികൾ b. ആടുകൾ c. ഒട്ടകങ്ങൾ d. വികൃത രൂപി

177. ''ആ മന ഞങ്ങൾക്ക് വീട്ടിലും ഉപരിയാണ്'' എന്ന് പറയുന്നത് ആര്?

a. പൂവമ്പഴം b. അപ്പു c. നങ്ങയ്യ d. അപ്പുവിന്റെ അമ്മ

178. കുഞ്ഞാത്തേരമ്മ അപ്പുവിനു നല്കിയ ഇലപ്പൊതിയിൽ എന്തായിരുന്നു?

a. രണ്ടു നെയ്യപ്പം b. രണ്ട് ഉണ്ണിയപ്പം c. രണ്ട് പരിപ്പു വട d. രണ്ട് ഉഴുന്നു വട

179.‘‘രക്ഷകന്റെ വരവ് സംഭവിക്കില്ല. ഇനിയാവട്ടെ സാധ്യതയെങ്കിലുമുണ്ട്? വക്താവ് ആര്?

a. ഉടമസ്ഥ b. പട്ടാളക്കാരൻ c. ഹോറോദേസ് d. ക്രിസ്തു

180. സിക്ക് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് എൻ.എസ്.മാധവൻ എഴുതിയ കഥയേത്?

a. വൻമരങ്ങൾ വീഴുമ്പോൾ b. ഹിഗ്വിറ്റ c. ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ d. ചൂളൈമേട്ടിലെ ശവങ്ങൾ

181. ഇബ്രാഹിം ഖാദരിയുടെ തോളിൽ ഒരു വേതാളത്തെപ്പോലെ തൂങ്ങി ക്കിടന്നത് ആര്

a. നബീൽ b. ഹക്കീം c. ഹമീദ് d. നജീബ്

182. കോട്ടയം 17 ആരുടെ കൃതിയാണ്?

a.എസ്.ഹരീഷ് b. ഉണ്ണി ആർ c. സന്തോഷ് എച്ചിക്കാനം d.സിതാര എസ്

183.‘മാറ്റാത്തി’ ആരുടെ കൃതിയാണ്?

a. മാധവിക്കുട്ടി b. സാറാജോസഫ് c. ടി പത്മനാഭൻ d. കെ.ആർ.മീര

184.‘‘കുട്ടികളെ, എന്നു മുതൽക്കാണ് ഞാൻ നിങ്ങൾക്ക് ഹിന്ദുവായത്? എന്ന് ചോദിച്ചത് ആര്?

a. വിശ്വനാഥൻ b. ഡോ.ഇക്ബാൽ c. ചുല്യാറ്റ് d. ഫാറാ

185.‘‘തർക്കമന്ദിരം തകർത്തു എന്നത്’’ ‘ബാബ്റിമസ്ജിദ് തകർത്തു’ എന്ന് തിരുത്തി എഴുതിയത് ആര്?

a. സുഹ്റ b. വിശ്വനാഥൻ c. ചുല്യാറ്റ് d. അഭിജിത്ത്

186.‘അഗ്നി’ എന്ന കഥയിൽ അഗ്നിയായി മാറുന്നത് ആര്?

a. രവി b. സഞ്ജീവ് c. മൂന്നാമത്തെ പയ്യൻ d. പ്രിയ

187. പാർശ്വവൽക്കരിക്കപ്പെടുന്ന ഒരു കൂട്ടം മനുഷ്യരുടെ ജീവിതത്തിന്റെ നേർ ചിത്രമാണ്

a. ഭൂമിയുടെ അവകാശികൾ b. പ്രാണിലോകം c.പൂവമ്പഴം d. ബിരിയാണി

188.‘എന്റെ കഥ’ എന്ന കൃതിയുടെ കർത്താവ് ആര്?

a. സാറാ ജോസഫ് b. ടി പത്മനാഭൻ c. സക്കറിയ d. മാധവിക്കുട്ടി

189. കാലത്തിനും ജീവിതത്തിനും നേർക്ക് അനുഭവങ്ങളുടെ തിരുത്ത് കൊണ്ട് പുതിയ മനുഷ്യാവസ്ഥ സൃഷ്ടിക്കുന്ന എൻ.എസ്.മാധവന്റെ കഥയാണ്

a. പൂവമ്പഴം b. കടൽ c. മോഹമഞ്ഞ d. തിരുത്ത്

190.‘‘ഇനിയൊരു കാമുകിയുടെ ഭാവം എന്റെ മനസ്സിന്റെ ആഴങ്ങളിൽ എവിടെയെങ്കിലും ഉണ്ടായിരുന്നോ എന്നു ചോദിച്ചാൽ എനിക്കതിന് ഉത്തരം പറയാൻ കഴിയില്ല. ഒരു പക്ഷേ ഉണ്ടായിരിക്കാം. അല്ലെങ്കിൽ...’’ ഈ സന്ദേഹം ഏതു കഥയിലെ നായികയുടേതാണ്?

a. തരിശു നിലം b. കടൽ c. മോഹമഞ്ഞ d. അഗ്നി

191. ‘‘എനിക്ക് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഒന്നും. പക്ഷേ, കവിതയും സംഗീതവുമൊന്നും ഒരിക്കലും എന്റെ വിഷയങ്ങളായിരുന്നില്ലല്ലോ’’ ആരുടെ നിസ്സഹായാവസ്ഥയാണിത്?

a. മകളുടെ b. അച്ഛന്റെ c. അമ്മയുടെ d. ഗുരുവിന്റെ

192. ഗേറ്റിന് തൊട്ടടുത്താണ് ഈ വാർഡ് എന്നതാണ് ഏറ്റവും വലിയ സൗകര്യം? വാർഡ് ഏത്?

a. പ്രസവ വാർഡ് b. കാൻസർ വാർഡ് c. സാംക്രമിക വാർഡ്

d. കുട്ടികളുടെ വാർഡ്

193. ഒരിക്കൽ നജീബിനെ ഇടിച്ചു വീഴ്ത്തുകയും കയ്യൊടിക്കുകയും ചെയ്ത മുട്ടനാടിന്റെ പേരെന്ത്?

a. ഇണ്ടിപ്പോക്കർ b. നബീൽ c. ഞണ്ടു രാഘവൻ d. അറവു റാവുത്തർ

194. ഒരു കുപ്പിയിലോ, പാത്രത്തിലോ ഇത്തിരി വെള്ളം എടുത്തുകൊണ്ട് ഓടാൻ തോന്നി തിരുമണ്ടത്തരത്തിന്റെ നെഞ്ചത്തടിച്ചു ശപിച്ചതാര്?

a. ഇബ്രാഹിം ഖാദരി b. ഹക്കിം c. കുഞ്ഞിക്ക d. നജീബ്

195. എല്ലാം കുട്ടികൾ നേരത്തെ തീരുമാനിച്ചതാണെന്നും നമ്മൾ കാർന്നോമ്മാര് വരുക, സഹകരിക്കുക അത്രയേയുള്ളൂ'' എന്ന് പറഞ്ഞത് ആര്?

a. പവിത്രൻ b. ഉണ്ണിമാമൻ c. അനൂപിന്റെ അച്ഛൻ d. ചന്ദ്രമോഹൻ

196. 'എല്ലാം കടന്നുപോയപ്പോൾ അവർ എഴുന്നേറ്റു. ശരീരമാകെ ചാട്ടകൊണ്ട് അടിച്ചതുപോലെ തിണർത്തു പൊന്തിയിരുന്നു' കടന്നു പോയതെന്ത്?

a. പല്ലികൾ b. ഓന്തുകൾ c. പാമ്പുകൾ d. ഇവയൊന്നുമല്ല

197. 'നാവിലേക്കു വീണ ജലത്തുള്ളി ആസിഡുപോലെ പൊള്ളിച്ചു.' ആരെ?

a. ഇബ്രാഹിം ഖാദരിയെ b. ഹക്കിമിനെ c. നജീബിനെ d. അർബാബിനെ

198. ''ഇനി ഇവിടെ ആദ്യമുണ്ടാകുന്ന സദ്യ ഒരു പിണ്ഡമായിരിക്കും'' പറഞ്ഞത് ആര്?

a. അപ്പു b. കുഞ്ഞാത്തേരമ്മ c. നമ്പൂതിരി d. അപ്പുവിന്റെ അമ്മ

199. ''ഞാനും മക്കളും മറ്റുമാണ് പ്രപഞ്ചമെന്ന് വിചാരിച്ചാൽ മതി. മുഷിയരുത്'' വക്താവ് ആര്?

a. ബഷീർ b. ബഷീറിന്റെ ഭാര്യ c. ബഷീറിന്റെ അമ്മ d.അയൽവാസി

200. ''ഭർത്താവിന്റെ ദുർഗന്ധം വമിക്കുന്ന അടിവസ്ത്രങ്ങൾ ഒന്നിനു പിന്നാലെ മറ്റൊന്നായി തന്റെ മുഖത്തും കഴുത്തിലും വീണ് തന്നെ മൂടുന്നതായി അവർക്കു തോന്നുന്നു'' തോന്നിയത് ആർക്ക്?

a. മേബിൾ അമ്മായിക്ക് b. കഥയിലെ എഴുത്തുകാരിക്ക് c. നഗരത്തിലെ മറ്റെഴുത്തുകാർക്ക് d. മേബിൾ അമ്മായിയുടെ മകൾക്ക്

# ANSWERS

| | | | | | | |
|---|---|---|---|---|---|---|
| 1. b | 2. a | 3. b | 4. c | 5. d | 6. a | 7. a |
| 8. c | 9. b | 10. c | 11. b | 12. a | 13. d | 14. c |
| 15. d | 16. b | 17. c | 18. b | 19. b | 20. a | 21. c |
| 22. d | 23. b | 24. d | 25. c | 26. b | 27. a | 28. c |
| 29. a | 30. c | 31. a | 32. b | 33. a | 34. b | 35. c |
| 36. c | 37. d | 38. b | 39. a | 40. b | 41. c | 42. c |
| 43. b | 44. c | 45. a | 46. a | 47. a | 48. c | 49. a |
| 50. b | 51. b | 52. a | 53. c | 54. b | 55. a | 56. a |
| 57. b | 58. c | 59. b | 60. c | 61. d | 62. d | 63. a |
| 64. b | 65. a | 66. c | 67. a | 68. b | 69. a | 70. b |
| 71. a | 72. d | 73. b | 74. b | 75. a | 76. b | 77. c |
| 78. b | 79. c | 80. a | 81. c | 82. d | 83. c | 84. a |
| 85. c | 86. a | 87. c | 88. c | 89. a | 90. d | 91. b |
| 92. a | 93. b | 94. b | 95. c | 96. b | 97. d | 98. c |
| 99. a | 100. d | 101. c | 102. a | 103. b | 104. d | 105. a |
| 106. b | 107. b | 108. c | 109. a | 110. a | 111. b | 112. d |
| 113. b | 114. a | 115. a | 116. d | 117. a | 118. c | 119. b |
| 120. c | 121. a | 122. b | 123. a | 124. b | 125. b | 126. b |
| 127. c | 128. b | 129. d | 130. d | 131. a | 132. d | 133. c |
| 134. c | 135. a | 136. a | 137. d | 138. b | 139. a | 140. d |
| 141. c | 142. a | 143. a | 144. b | 145. c | 146. c | 147. a |
| 148. d | 149. a | 150. a | 151. d | 152. c | 153. b | 154. c |
| 155. b | 156. b | 157. a | 158. b | 159. c | 160. d | 161. c |

| | | | | | | |
|---|---|---|---|---|---|---|
| **162. b** | **163. a** | **164. b** | **165. c** | **166. a** | **167. c** | **168. b** |
| **169. b** | **170. b** | **171. a** | **172. b** | **173. b** | **174. b** | **175. b** |
| **176. a** | **177. b** | **178. a** | **179. b** | **180. a** | **181. d** | **182. b** |
| **183. b** | **184. c** | **185. c** | **186. d** | **187. d** | **188. d** | **189. d** |
| **190. b** | **191. b** | **192. c** | **193. d** | **194. d** | **195. b** | **196. c** |
| **197. c** | **198. b** | **199. b** | **200. b** | | | |